# രാഹുൽ ആർ നായർക്ക് ഡോ.എ.പി.ജെ അബ്ദുൽ കലാം അവാർഡ് സമ്മാനിച്ചു




ഭരണ നിർവ്വഹണത്തിൽ പുതുമയും മാറ്റങ്ങളും കാഴ്ചവെക്കുന്ന ഉദ്യോഗസ്ഥർക്കായി ഡോ.എ.പി.ജെ അബ്ദുൽ കലാമിൻെറ പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന ഇന്നവേഷൻസ് ആൻഡ് ഗവേർണൻസ്-2019 അവാർഡിന് എറണാകുളം ജില്ലാ പോലീസ് മേധാവി രാഹുൽ ആർ നായർ അർഹനായി. ഡോ.എ.പി.ജെ അബ്ദുൽ കലാം സെൻററാണ് അവാർഡ് ഏർപ്പെടുത്തിയത്. ന്യൂ ഡൽഹിയിലെ പ്രവാസി ഭാരതീയ കേന്ദ്രത്തിൽവച്ച് 28.02.2019 നടത്തിയ ചടങ്ങിലാണ് അവാർഡ് സമ്മാനിച്ചത്.

തൃശ്ശൂർ ജില്ലാ പോലീസ് മേധാവി ആയിരുന്നപ്പോൾ ജില്ലയിൽ ഒറ്റക്ക് താമസിക്കുന്ന വയോധികരുടെ സുരക്ഷക്കായിഏർപ്പെടുത്തിയ ബെൽ ഓഫ് ഫൈെയ്ത്ത് എന്ന പദ്ധതിയാണ് അവാർഡിന് അർഹനാക്കിയത്. ഒറ്റക്കായിപ്പോയ മുതിർന്ന പൗരൻമാരുടെ സുരക്ഷ, സേവന തല്പരരായ അയൽക്കാരിലൂടെ ഉറപ്പാക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം.

ജനമൈത്രി സുരക്ഷാപദ്ധതിയുടെ ഭാഗമായി എറണാകുളം റൂറൽ പോലീസ് ജില്ലയിലെ ഏകരായി താമസിക്കുന്ന മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനും സഹായത്തിനുമായി നടപ്പിലാക്കുന്ന “ഹോട്ട് ലൈൻ” & “ബെൽ ഓഫ് ഫെയ്ത്ത്” എന്നീ പദ്ധതികളുടെ ജില്ലാതല ഉദ്ഘാടനം 26.02.2019-ൽ നടത്തി, ബഹു ആലുവ എം എൽ എ അൻവർ സാദത്ത് അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ഇന്ത്യൻ ആർമിയിലെ റിട്ടയേർഡ് മേജറും സുപ്രസിദ്ധ ചലച്ചിത്ര സംവിധായകനുമായ ശ്രീ മേജർ രവിയാണ് ഉത്ഘാടനം നിർവ്വഹിച്ചത്.